# വയനാട്ടിലെ കടുവക്കുരുതി

ലോകത്ത് വന്യജീവന്റെ പൂർണ്ണതയുടെ സാക്ഷാത്ക്കാരമായി കരുതപ്പെടുന്ന ജീവിയാണ് കടുവ. ഈ ജീവിയെ ഭൂമുഖത്ത് വന്യപശ്ചാത്തലത്തിൽ നിലനിർത്താൻ ഭാരതജനതയ്ക്ക് മാത്രമേ കഴിയൂ. ഇവിടെ അനുദിനം ചുരുങ്ങുന്ന കാടിന്റെ സീമയ്ക്കുള്ളിൽ കഷ്ടിച്ച് ആയിരം കടുവകളിന്ന് ബാക്കി നിൽക്കുന്നുവെന്നാണ് അനുമാനം. ഡെക്കാൻ പീഠഭൂമിയുടെ തെക്കേയറ്റത്ത് ഡെക്കാനും പശ്ചിമഘട്ടവും പൂർവ്വഘട്ടവും തമിഴ്നാടൻ സമതലങ്ങളും സന്ധിക്കുന്ന ഇടത്ത് നീലഗിരിക്കുന്നുകൾക്ക് ചുറ്റുമായി മൂന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലായി ചിതറിക്കിടക്കുന്ന ഏകദേശം 4500 ച.കി.മി. വനഭൂമിക്കുള്ളിലാണ് ലോകത്തേറ്റവും കടുവകൾ ഇന്ന് സുരക്ഷിതരായുള്ളത്. മനുഷ്യനിൽ നിന്ന് സംരക്ഷണം കിട്ടിയാൽ കാലാവസ്ഥ മാറ്റങ്ങളെയൊക്കെ അതിജീവിച്ച് കടുവകൾ നിലനിൽക്കാനും സാധ്യത ഇവിടെത്തന്നെയാണ്. ഈ വനശ്രേണിയുടെ ഒരു കോണിലാണ് കേരളത്തിലെ 2132 ച.കി.മി. വിസ്തൃതിയുള്ള വയനാട് ജില്ല. പശ്ചിമഘട്ടത്തിൽ ഏറ്റവും മഴ കിട്ടുന്ന തലപ്പുകളിൽ ചെറുനീർച്ചാലുകളായി തുടങ്ങി കാവേരി നദിയിൽ ഏറ്റവും വെള്ളമെത്തിക്കുന്ന കബനി നദി ജന്മമെടുക്കുന്നത് ചതുപ്പുകളുടെ അഥവാ വയലുകളുടെ നാടായ കുടക് വരെ നീണ്ട വയനാടൻ പീഠഭൂമിയിൽ നിന്നാണ്. സംസ്ഥാന പുനർനിർണ്ണയ കാലത്ത് കർണ്ണാടകം, കേരളം, തമിഴ്നാട് സംസ്ഥാന അതിർത്തികൾ മുറിച്ച വനഭൂമിയിൽ ഏകദേശം 344 ച.കി.മി. കാടുകൾ കേരളത്തിലെ വയനാട് ജില്ലയുടെ കിഴക്കൻ അതിരിലായുണ്ട്. കത്തിയും വെട്ടിത്തെളിച്ച് തേക്ക്, യൂക്കാലിപ്റ്റസ് തോട്ടങ്ങളാക്കി മാറ്റിയും കാലിമേഞ്ഞ് പുനരുജ്ജീവനശേഷി നഷ്ടപ്പെട്ടും പിന്നെ മുളയും യൂക്കാലിപ്റ്റസുമൊക്കെ മാവൂരിലെ മലിനീകരണ വ്യവസായത്തിന് ബലികൊടുത്തും ശോഷിച്ച ഈ കാടാണ് വയനാട് വന്യജീവി സങ്കേതം. പുൽപ്പള്ളി ദേവസ്വം വനഭൂമി കയ്യേറിപ്പോയതുകൊണ്ട് വന്യജീവിസങ്കേതം ബന്ധമില്ലാത്ത രണ്ടു തുണ്ടുകളായാണ് സ്ഥിതിചെയ്യുന്നത്. ഗുണ്ടൽപ്പെട്ടിൽ നിന്ന് മരുഭൂമി കേരളത്തിലേക്ക് കടത്താതെ വയനാടൻ മണ്ണിന് മഞ്ഞും നനവും നൽകുന്നതും ഈ കാട് തന്നെയാണ്. മൂന്ന് സംസ്ഥാനങ്ങളിലായുള്ള വനശൃംഖലയുടെ കൂടുതൽ മഴ കിട്ടുന്ന പടിഞ്ഞാറേ അറ്റത്തായതുകൊണ്ട് വയനാടൻ കാടുകൾക്ക് പരമപ്രാധാന്യവുമുണ്ട്. ദേശീയമൃഗമായ കടുവയുടെ നിലനിൽപ്പിന് ഈ കാടുകൾക്ക് പ്രാധാന്യമുണ്ടെങ്കിൽ ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകജീവിയായ ആനയുടെ നിലനിൽപ്പിനും ഇതേ വയനാടൻ കാടിന് മർമ്മപ്രാധാന്യമുണ്ട്.

18-ാം നൂറ്റാണ്ടിന്റെ അന്ത്യം തുടങ്ങി മുറിഞ്ഞുവീണ മരത്തിന്റെ കറയും, ആനച്ചോരയും, പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ വേദനയും ഒക്കെ ചേർന്ന ഇന്ന് വരളുന്ന വയനാടൻ ചളിയിൽ 2012 ഡിസംബർ 2-ാം തിയതി കാലത്ത് ഒരു കടുവയുടെ രക്തം കൂടി കലർന്നു. രണ്ടാഴ്ച്ചയായി വിശന്നുവലഞ്ഞ, ആഹാരത്തിന്റെ മുന്നിൽ നിന്ന് ആവർത്തിച്ചോടിക്കപ്പെട്ട പൂർണ്ണ വളർച്ചയെത്തിയ ഒരു കടുവ രണ്ട് മയക്കുമരുന്ന് വെടിയേറ്റ് തളർന്നുവീണ ശേഷമാണ്, അടുത്തുനിന്ന് വനംവകുപ്പുദ്യോഗസ്ഥൻ വെടിവെച്ച് തലതർത്ത് കൊന്നത്.

ഈ ദുരന്തത്തിന് വർഷങ്ങൾക്ക് മുമ്പേ വയനാട്ടിൽ കടുവാസാമ്രാജ്യത്തിനെതിരെ സാമ്രാജ്യത്വവിരുദ്ധ യുദ്ധപ്രഖ്യപനം നടന്നുകഴിഞ്ഞിരുന്നു. തൊട്ടു കിഴക്കുള്ള പഴയ നിലമ്പൂർ കോവിലകത്തിന്റെ വനഭൂമിയായിരുന്ന, ഇന്ന് തമിഴ്നാട്ടിൽപെടുന്ന ഗൂഡല്ലൂരിൽ മുതുമല വന്യജീവിസങ്കേതം കടുവസങ്കേതമാക്കുന്നതിനെതിരെ സമരം നടന്നിരുന്നു. പഴശ്ശി യുദ്ധങ്ങളുടേയും പണിയ ഭൂസമരങ്ങളുടേയും 1960 കളിൽ പോലീസ് സ്റ്റേഷൻ ആക്രമണങ്ങളുടെയുമൊക്കെ ചരിത്രമുള്ള, ഏറെ അസമത്വങ്ങളും അസമത്വങ്ങൾക്കെതിരെയുള്ള പടപൊരുതലുകളും ഇന്നുമുള്ള വയനാട്ടിലാണിത് സംഭവിച്ചത്.

യാദൃശ്ചികമായി, നമ്മെയൊക്കെ ചിന്തിക്കാൻ പ്രേരിപ്പിക്കാൻ, സങ്കുചിത രാഷ്ട്രീയ വൈര്യങ്ങളും തകരുന്ന നാണ്യവില കാർഷിക-സാമ്പത്തിക അടിത്തറയും നിഗൂഢ മതലക്ഷ്യങ്ങളുമൊക്കെ ചേർന്ന് ചൂടുപിടിച്ച വയനാടൻ സാമൂഹ്യ പശ്ചാത്തലത്തിന് തീപിടിക്കാൻ, എവിടെ നിന്നോ വന്ന് വിശപ്പറിഞ്ഞ്

പിന്നെ മരിച്ചുവീണ കടുവ കാരണമായി. വയനാട്ടിലെ ഈ കടുവക്കുരുതിയുടെ പശ്ചാത്തലത്തിൽ വിവേകമുള്ള ഒരു സമൂഹത്തെ വളരെ ചെറിയ ന്യൂനപക്ഷത്തിന് എത്രയെളുപ്പം കലാപത്തിലേക്ക് തള്ളിവിടാൻ ആകുമെന്ന് നമുക്ക് കാണാൻ കഴിയും. ഇത് എവിടെയും എന്തിന്റെ പേരിലും കേരളത്തിൽ സംഭവിച്ചേക്കാം. കുറച്ച് ആശങ്കകളും യാഥാർത്ഥ്യവും പിന്നെ ആരുടെയൊക്കെയോ മറ്റെന്തൊക്കെയോ ലക്ഷ്യങ്ങളും ചേർന്ന് ഇടുക്കി ജില്ലയുടെ പെരിയാർ തലപ്പത്തെ പഴയ മുല്ലപ്പെരിയാർ അണക്കെട്ടിനെ ചുറ്റിപ്പറ്റിയുണ്ടായ വിവാദം ഇന്നെവിടെ എത്തി നിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്

വയനാട്ടിൽ വന്യമൃഗങ്ങളും മനുഷ്യനുമായുള്ള ബന്ധം മനുഷ്യൻ കടന്നുവന്നതു മുതൽ ഉണ്ടെങ്കിലും സംഘട്ടനം കഴിഞ്ഞ ഒരു അര നൂറ്റാണ്ടിന്റെ പ്രത്യേകതയാണ്. ഓരോ വർഷം കഴിയുന്തോറും അതിന്റെ രൂക്ഷത കൂടിവരുന്നു എന്നതും സത്യമാണ്. ബ്രിട്ടീഷുകാർ 1790 കൾ തുടങ്ങി ചൂഷണം ചെയ്യുകയും 1800 കളുടെ ഉത്തരാർദ്ധത്തിൽ ബ്രിട്ടീഷ് ഭരണകൂടം വനാതിർത്തികൾ തിരിച്ച് പരിപാലിക്കുകയും ചെയ്ത കാടുകൾ 1973ൽ വയനാട് വന്യജീവിസങ്കേതമായി. മനുഷ്യനും വനവും വനജീവികളുമായുള്ള ബന്ധത്തിന്റെ എല്ലാ തലങ്ങളും അനുഭവങ്ങളിലൂടെ പഠിച്ചിരിക്കാൻ സാദ്ധ്യതയുള്ള കേരള വനംവകുപ്പ് പ്രശ്നങ്ങൾ നേരിടാൻ എന്തൊക്കെ തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടെന്ന് അന്വേഷിക്കേണ്ടതുണ്ട്. വനംവകുപ്പിന്റെ തയ്യാറെടുപ്പിന്റെ പരാജയം കൂടിയായിരുന്നു ഈ കടുവ വേട്ട. ഇനി വരും മാസങ്ങളിൽ വേനൽമൂർച്ഛയിൽ വന്യജീവികൾ ശോഷിച്ച കാടിൽ നിന്ന് മനുഷ്യൻ കൈക്കലാക്കിയിരിക്കുന്ന അവസാനത്തെ പച്ചിലയിലേക്കും ജലസ്രോതസ്സിലേക്കും ജീവൽപ്രേരണ കൊണ്ടിറങ്ങിവരുമ്പോൾ എന്തും സംഭവിക്കാം. അതുകൊണ്ട് തന്നെ കഴിഞ്ഞ പാളിച്ചകൾ എത്രയും പെട്ടന്ന് കാരണം കണ്ടെത്തി തിരുത്തേണ്ടതുണ്ട്. ജനം പ്രതികാരമായി കാക്കിയുടുപ്പിട്ട വനപരിപാലകനേയും അവസാനത്തെ കാടിനേയും ചുട്ടെരിക്കാൻ തുനിഞ്ഞാൽ ഇന്നാട്ടിലെ സമൂഹവും സമൂഹനേതൃത്വവും എന്തു ചെയ്യണം?

രാഷ്ട്രീയ, മത, ഭരണനേതൃത്വങ്ങളുടെ തെറ്റായതും പക്വമല്ലാത്തതുമായ ഇടപെടലുകൾ ജനങ്ങളെ തെറ്റായ രീതിയിൽ ഇളക്കി മറിച്ച് അന്തർ സംസ്ഥാന പാത നിരന്തരം തടയുന്നതിനും പൊതുമുതൽ നശിപ്പിക്കുന്നതിനും നിയമാനുസൃത നടപടികളെടുക്കുന്നതിനു പകരം ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി നിയമലംഘനം നടത്തുന്നതിന് പ്രേരിപ്പിക്കുന്നത് ജനാധിപത്യ വ്യവസ്ഥക്കുള്ളിൽ ഏതു നിയമനടപടി കൊണ്ട് തിരുത്താം? വനവന്യജീവി സംരക്ഷണത്തിന് സമഗ്രനിയമങ്ങളും അതിനുവേണ്ട മറ്റ് സംവിധാനങ്ങളുമൊക്കെ ഉണ്ടായിട്ടും വേണ്ട നടപടിക്രമങ്ങളിൽ വനംവകുപ്പ് പരാജയപ്പെടുമ്പോൾ, ഒരു വനം റെയ്ഞ്ചിലെ പ്രശ്നം എന്നതിലപ്പുറം നിയമക്രമസമാധാന നില തകർന്ന് ഒരു വർഗ്ഗീയ കലാപമോ ആഭ്യന്തരയുദ്ധമോ പോലെ കാര്യങ്ങൾ വഷളായിട്ടും എന്തേ ജില്ലാ അധികൃതർ പോലീസ് സംവിധാനമുപയോഗിച്ച് ജനക്കൂട്ടത്തെ മാറ്റി മൃഗത്തെ കെണിയിൽ പെടുത്താനോ കാട്ടിനുള്ളിൽ ആഹാരം കൊടുത്ത് കടുവയെ ഉൾക്കാട്ടിലേക്ക് അകറ്റാനോ ശ്രമിക്കാത്തത്? ആ കടുവ നരഭോജിയായിരുന്നില്ല. കാടിളക്കി ഉദ്യോഗസ്ഥരും നാട്ടുകാരും ഉണ്ടായിട്ടും ആരേയും ആക്രമിച്ചില്ല.

എന്തുകൊണ്ട് ബാലിശമായി, സ്വേച്ഛാധിപതികളെ പോലെ മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി നടപടിക്രമങ്ങളെ അട്ടിമറിച്ച്, ആ പ്രദേശത്തെ ഭരണപരിചയവും ചുമതലയും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരെ തലങ്ങളും വിലങ്ങും മാറ്റുകയോ നിർവീര്യരാക്കുകയോ ചെയ്യുന്നു? നിയന്ത്രണാതീതമായിപ്പോയ ഈ കടുവ കൊലയ്ക്ക് അതുംകൂടി പശ്ചാത്തലമായുണ്ടല്ലോ. ഉദ്യോഗസ്ഥരുടെ പാളിച്ചകൾ കണ്ടെത്താം. അർഹിക്കുന്നുവെങ്കിൽ ശിക്ഷിക്കുകയുമാവാം. മന്ത്രിമാരുടെ, ജനപ്രതിനിധികളുടെ, രാഷ്ട്രീയ നേതാക്കളുടെ, മതാധിപൻമാരുടെ തെറ്റായ ഇടപെടലുകൾ എങ്ങനെ തിരുത്തും? കേരള സമൂഹത്തിൽ എല്ലാ തലങ്ങളിലും ആഴത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യേണ്ടതാണ് ഇപ്പോൾ വയനാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവം.

ഡോ: എസ്. സതീഷ്ചന്ദ്രൻ

പി.ബി. നമ്പർ 2230, ശാസ്തമംഗലം 695 010